**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2501** **12-02-2024 - ൽ മറുപടിയ്ക്ക്**

**വ്യാജമദ്യ നിർമ്മാണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി സ്വീകരിച്ച പൊതുവായ നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിന്റെ ഭാഗമായി ജില്ലാ കേന്ദ്രങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും രഹസ്യവിവര ശേഖരണത്തിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. പോലീസ്, റവന്യൂ, വനം, റെയിൽവേ, ഡ്രഗ്സ് കൺട്രോൾ, ഭക്ഷ്യ സുരക്ഷ, മോട്ടോർ വെഹിക്കിൾ, ലീഗൽ മെട്രോളജി മുതലായ വകുപ്പുകളുടെ സഹകരണത്തോടെ ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ എന്നിവ സ്വന്തം നിലയിലും സംയുക്തമായും പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. ബസ്സ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലും, ഉത്സവങ്ങൾ, ആഘോഷങ്ങൾ മുതലായ ആളുകൾ കൂടുന്ന ഇടങ്ങളിലും, അന്തർ സംസ്ഥാന ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളിലും പരിശോധന നടത്തിവരുന്നു. ലഹരി കേസുകളിൽ ഉൾപെടുന്ന മുൻ പ്രതികളുടെ വിശദ വിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി ടിയാന്മാരുടെ നിലവിലെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചു വരുന്നു. വ്യാജമദ്യ നിർമ്മാണ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകളും വ്യാജമദ്യ നിർമ്മാണവുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ കൈമാറുന്നതിന് പൊതുജനങ്ങൾക്കിടയിലും വിദ്യാലയങ്ങളിലും മറ്റും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. വ്യാജമദ്യവും ലഹരിമരുന്നുകളും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി സംസ്ഥാന അതിർത്തികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ ടീമും, കെമു |

| | | | |
|---|---|---|---|
| | | | വിഭാഗവും പ്രവർത്തിച്ച് വരുന്നുണ്ട്. വിശേഷാവസരങ്ങളിലും അവധി ദിവസങ്ങളിലും അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഒരേ സമയം ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പറേഷൻ നടത്തിവരുന്നു. വലിയ അളവിലുള്ള മദ്യ-മയക്കമരുന്ന് കേസുകളിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം സ്വീകരിച്ച് വരുന്നു. |
| (ബി) | ഉത്സവങ്ങൾ അടുത്തുവരുന്ന സാഹചര്യത്തിൽ വ്യാജമദ്യ നിർമ്മാണവും വിതരണവും വർദ്ധിക്കാൻ സാധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഇത് തടയുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിശദീകരിക്കാമോ? | (സി) | മയക്കമരുന്നിന്റെ അനധികൃത നിർമ്മാണം, വിപണനം, ദുരുപയോഗം എന്നിവ തടയുന്നതിനായി ജില്ലാതല സ്ക്വാഡും, സംസ്ഥനതല സ്ക്വാഡും, മേഖലാ സ്ക്വാഡും രൂപീകരിച്ച് രഹസ്യ പരിശോധനകൾ നടത്തിവരുന്നു. എക്സൈസ് സൈബർ സെല്ലിന്റെയും, 'എക്സൈസ് ഇന്റലിജന്റ്സ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ'യുടെയും സഹായത്തോടെ അതിർത്തിയിലൂടെ കടത്തികൊണ്ടുവരുന്ന മയക്കമരുന്ന് പിടികൂടുന്നു. മയക്കമരുന്ന് ശേഖരണവും, വിൽപ്പനയും, കടത്തും കണ്ടെത്തുന്നതിനായി ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹൈവേ പട്രോൾ ടീം, ജില്ലാതല കൺട്രോൾ റൂം, രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സുകൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ